

# ഖുർആൻ ബോധനം
727

❙ എ.വൈ.ആർ

സൂറ-19

# മർയം

4. സക്കരിയ്യാ പ്രാർഥിച്ചു: എന്റെ നാഥാ, എന്റെ അസ്ഥികൾ പോലും തളർന്നു കഴിഞ്ഞല്ലോ. ശിരസ്സാവട്ടെ നരയാൽ മിന്നിത്തിളങ്ങുന്നു. നാഥാ, നിന്നോട് പ്രാർഥിച്ചാൽ ഞാൻ ദുർഭഗനാവാറില്ല.

قَالَ رَبِّ إِنِّي وَهَنَ ٱلْعَظْمُ مِنِّي وَٱشْتَعَلَ ٱلرَّأْسُ شَيْبًا وَلَمْ أَكُنۢ بِدُعَآئِكَ رَبِّ شَقِيًّا ٤

5. എനിക്കു പുറകിലുള്ള എന്റെ ബന്ധുജനങ്ങളുടെ കാര്യത്തിൽ ഉൽകണ്ഠാകുലനാണ് ഞാൻ. എന്റെ ഭാര്യയാവട്ടെ വന്ധ്യയാകുന്നു. ആകയാൽ നിന്റെ സവിശേഷമായ ഔദാര്യത്താൽ എനിക്കൊരു പിൻഗാമിയെ പ്രദാനം ചെയ്യേണമേ!

وَإِنِّي خِفْتُ ٱلْمَوَٰلِيَ مِن وَرَآءِي وَكَانَتِ ٱمْرَأَتِي عَاقِرًا فَهَبْ لِي مِن لَّدُنكَ وَلِيًّا ٥

6. എന്റെ അനന്തരാവകാശിയും യഅ്ഖൂബ് കുടുംബത്തിന്റെ അനന്തരാവകാശിയുമാകുന്ന പിൻഗാമിയെ. നാഥാ, അവനെ ഒരു പ്രീതിപ്പെട്ടവനുമാക്കേണമേ.

يَرِثُنِي وَيَرِثُ مِنْ ءَالِ يَعْقُوبَ ۖ وَٱجْعَلْهُ رَبِّ رَضِيًّا ٦

7. ഉത്തരം ലഭിച്ചു: അല്ലയോ സക്കരിയ്യാ, നാം നിനക്കൊരു പുത്രജനന സുവിശേഷമരുളുന്നു. അവന്റെ നാമം യഹ്‌യാ എന്നായിരിക്കും. ഇതിനുമുമ്പ് അവനെപ്പോലൊരാളെ നാം സൃഷ്ടിച്ചിട്ടില്ല.

يَٰزَكَرِيَّآ إِنَّا نُبَشِّرُكَ بِغُلَٰمٍ ٱسْمُهُۥ يَحْيَىٰ لَمْ نَجْعَل لَّهُۥ مِن قَبْلُ سَمِيًّا ٧

ഞാൻ (എന്റെ അവസ്ഥ) = إِنِّي എന്റെ നാഥാ = رَبِّ (അദ്ദേഹം പ്രാർഥിച്ചു) പറഞ്ഞു = قَالَ

എന്നിൽനിന്നുള്ള അസ്ഥി(കൾപോലും) = ٱلْعَظْمُ مِنِّي തളർന്നു, ദുർബലമായി (കഴിഞ്ഞല്ലോ) = وَهَنَ

ഞാൻ ആയിട്ടി(ആവാറി)ല്ല = وَلَمْ أَكُنۢ നരയാൽ = شَيْبًا ശിരസ്സ്(ആവട്ടെ) മിന്നി(ത്തിളങ്ങുന്നു) = وَٱشْتَعَلَ ٱلرَّأْسُ

നിരാശൻ, ദുർഭഗൻ = شَقِيًّا എന്റെ നാഥാ = رَبِّ നിന്റെ പ്രാർഥനകൊണ്ട് (നിന്നോട് പ്രാർഥിച്ചാൽ) = بِدُعَآئِكَ

ഞാൻ ഭയപ്പെട്ടു (ഉൽകണ്ഠാകുലനാകുന്നു) = خِفْتُ ഞാൻ (എന്റെ അവസ്ഥ) = وَإِنِّي

എനിക്കു പുറകിലുള്ള, ശേഷമുള്ള = مِن وَرَآءِي എന്റെ ബന്ധുജനങ്ങളെ(ളുടെ കാര്യത്തിൽ) = ٱلْمَوَٰلِيَ

വന്ധ്യ = عَاقِرًا എന്റെ ഭാര്യ(യാവട്ടെ) ആയിരിക്കുന്നു = وَكَانَتِ ٱمْرَأَتِي

ആകയാൽ എനിക്കു നീ പ്രദാനം ചെയ്യേണമേ = فَهَبْ لِي

നിന്റെ പക്കൽനിന്ന് (നിന്റെ സവിശേഷമായ ഔദാര്യത്താൽ) = مِن لَّدُنكَ

എന്റെ അനന്തരാവകാശിയാകുന്ന = يَرِثُنِى ഒരു ഉറ്റവനായ കൈകാര്യകർത്താവിനെ (പിൻഗാമിയെ) = وَلِيًّا

യഅ്ഖൂബ് കുടുംബത്തിൽനിന്നുള്ള അനന്തരാവകാശിയും ആകുന്ന = وَيَرِثُ مِنْ ءَالِ يَعْقُوبَ

അല്ലയോ സക്കരിയ്യാ = يَـٰزَكَرِيَّآ ഒരു പ്രീതിപ്പെട്ടവൻ = رَضِيًّا എന്റെ നാഥാ = رَبِّ അവനെ നീ ആക്കേണമേ = وَٱجْعَلْهُ

ഒരു ആൺകുട്ടിയെകൊണ്ട് (പുത്രജനനത്തിന്റെ) = بِغُلَـٰمٍ തീർച്ചയായും ഞാൻ നിനക്ക് സുവിശേഷമരുളുന്നു = إِنَّا نُبَشِّرُكَ

നാം ആക്കിയിട്ടില്ല (ഒരാളെയും സൃഷ്ടിച്ചിട്ടില്ല) = لَمْ نَجْعَل യഹ്‌യാ എന്നായിരിക്കും = يَحْيَىٰ അവന്റെ നാമം = ٱسْمُهُۥ

സദൃശനായി(പോലെ), പേരുള്ളവനായി = سَمِيًّا ഇതിനുമുമ്പ് = مِن قَبْلُ അവന്ന്, വന്റെ(വനെ) = لَّهُۥ

**4–6.** ഉദ്ദിഷ്ടകാര്യം അവതരിപ്പിക്കുന്നതിനുമുമ്പ് അതിനൊരു മുഖവുര സമർപ്പിക്കുകയാണിവിടെ. പ്രായാധിക്യത്താൽ തൊലി ചുളിയുകയും പേശികൾ ക്ഷയിക്കുകയും ചെയ്തതിനു പുറമെ അകത്തുള്ള അസ്ഥികൾപോലും ദുർബലമായിരിക്കുന്നുവെന്നാണ് وَهَنَ ٱلْعَظْمُ مِنِّى എന്ന വാക്യത്തിന്റെ ആശയം. ٱشْتَعَلَ ٱلرَّأْسُ ന്റെ ഭാഷാർഥം തല കത്തിയാളുന്നു എന്നാണ്. പ്രകാശം, ജ്വലനം എന്നീ അർഥങ്ങളിലും اشتعال ഉപയോഗിക്കും. ٱشْتَعَلَ ٱلرَّأْسُ شَيْبًا–പൂർണമായി നരച്ചുവെളുത്തു എന്ന അർഥത്തിലുള്ള പ്രയോഗമാണ്. ഭാഗ്യം കെട്ടവനും ഭഗ്നാശനുമാണ് شقي . സക്കരിയ്യാ തന്റെ ആവലാതികളും വേവലാതികളും സമർപ്പിച്ചുപോന്നത് അല്ലാഹുവിന്റെ മുമ്പിലാണ്. അപ്പോഴൊക്കെ അല്ലാഹു അദ്ദേഹത്തെ ഭഗ്നാശനാക്കാതെ ഏതെങ്കിലുംവിധത്തിൽ ആവശ്യങ്ങൾ നിവർത്തിച്ചു കൊടുത്തിരുന്നത് അനുസ്മരിക്കുകയാണ് وَلَمْ أَكُنۢ بِدُعَآئِكَ رَبِّ شَقِيًّا എന്നവാക്യം.

പ്രാർഥനാ വിഷയം പറയുന്നതിനുമുമ്പ് സക്കരിയ്യാ ആമുഖമായി അല്ലാഹുവിനെ ബോധിപ്പിക്കുന്നതിതാണ്: നാഥാ, ഞാൻ വാർധക്യത്താൽ പരിക്ഷീണനായിരിക്കുന്നു. എന്റെ അസ്ഥികൾപോലും ദുർബലമായി കഴിഞ്ഞു. ശിരസ്സാണെങ്കിൽ വെട്ടിത്തിളങ്ങുംവണ്ണം നരച്ചുവെളുത്തുപോയി. ഈ സാഹചര്യത്തിൽ ഞാൻ ചോദിക്കുന്ന കാര്യം സാധാരണ ഗതിയിൽ നടക്കുന്നതല്ലെന്ന് എനിക്കറിയാം. പക്ഷേ എന്തും നടത്തിത്തരാൻ കഴിവുള്ളവനാണല്ലോ നീ. നേരത്തെ ഞാൻ ചോദിച്ചിട്ടുള്ളതൊക്കെയും നീ തന്നിട്ടുമുണ്ട്. 'മിൻലദുന്നാ'യുടെ ഭാഷാർഥം നിന്റെ പക്കൽനിന്ന് എന്നാണ്. അല്ലാഹുവിനോട് ചോദിക്കുന്നതും അവൻ നൽകുന്നതുമായ എല്ലാം അവന്റെ പക്കൽ നിന്നുള്ളതു തന്നെയാണ് എന്നിരിക്കെ 'നിന്റെ പക്കൽനിന്ന്' എന്ന് എടുത്തുപറയുന്നതിനർഥം നീ സാധാരണ നൽകാറുള്ളതിനുപരി സവിശേഷമായ ഒരൗദാര്യം എന്നാകുന്നു. എന്റെ ഈ അവസാന കാലത്ത് എന്റെ പിൻഗാമികളുടെ കാര്യത്തിൽ ഞാൻ ഉൽകണ്ഠാകുലനായിരിക്കുന്നു. موالى യെയാണ് ബന്ധുജനങ്ങൾ എന്നു തർജമ ചെയ്തിരിക്കുന്നത്. ഒരാളുടെ കാലശേഷം അയാളുടെ സ്വത്തിന് അവകാശികളാവുകയും പൈതൃകം നിലനിർത്തുകയും ചെയ്യുന്ന മക്കൾ, സഹോദരങ്ങൾ, പിതൃസഹോദരങ്ങളുടെ മക്കൾ തുടങ്ങിയ ഉറ്റബന്ധുക്കളാണ് موالى . എന്റെ ബന്ധുക്കളിൽ എന്റെ സ്ഥാനമേറ്റെടുത്ത് അവരെ ദൈവിക സന്മാർഗത്തിലൂടെ നയിക്കാൻ യോഗ്യരായവരാരുമില്ല. ഞാനാവട്ടെ, ഭാര്യ വന്ധ്യയായതിനാൽ അനപത്യനുമാണ് (സക്കരിയ്യായുടെ ഭാര്യ എലിസബത്തായിരുന്നു. മൂസാ നബിയുടെ സഹോദരൻ ഹാറൂൻ നബിയുടെ പിന്മുറക്കാരിയായിരുന്നു ഇവരെന്നു പ്രസ്താവമുണ്ട്). എന്റെ മരണശേഷം പിൻഗാമികൾ വഴിതെറ്റുകയും വിശുദ്ധമായ യഅ്ഖൂബ് കുടുംബത്തിന്റെ മൗലിക സ്വത്വമായ ദൈവിക സന്മാർഗ പൈതൃകം കൈവെടിയുകയും ചെയ്യുമെന്നാണെന്റെ ആധി. ആകയാൽ, ഈ ദുരവസ്ഥ ഉണ്ടാവാതിരിക്കാൻ നീ എനിക്കൊരു പിൻഗാമിയെ സമ്മാനിക്കേണമേ! ഇതാണ് സക്കരിയ്യാ പ്രാർഥിക്കുന്ന ആവശ്യം. 'എനിക്ക് തരേണമേ' എന്നുപറയാൻ ഉപയോഗിച്ച വാക്ക് هب لى എന്നാണ്. സമ്മാനം, സംഭാവന, പുരസ്കാരം, കാഴ്ച എന്നൊക്കെ അർഥമുള്ള هبة ൽ നിന്നുള്ള ശാസനക്രിയയാണ് هَبْ . അല്ലാഹു അരുളുന്ന പുത്രലാഭം തന്നെ സംബന്ധിച്ചേടത്തോളം ഒരു ദാനം എന്നതിലുപരി മഹത്തായ സമ്മാനവും പുരസ്കാരവുമായിരിക്കും എന്നാണീ പദപ്രയോഗത്തിന്റെ ധ്വനി. موالى യുടെ ഏകവചനമാണ് وليّا എന്ന പദം. وَرَاثَة (അനന്തരാവകാശം)ൽ നിന്നുള്ള ക്രിയയാണ് يرث. ശരീഅത്തിന്റെ സാങ്കേതിക ഭാഷയിൽ മരിച്ചുപോയവരുടെ ദായധനം പിൻഗാമികൾ വീതിച്ചെടുക്കുകയാണ് وراثة. ദായധനാവകാശിയെ وارث എന്നുപറയുന്നു. പാരമ്പര്യം, പൈതൃകം എന്ന അർഥത്തിൽ تُرَاث ഉപയോഗിക്കുന്നു.

തന്റെ പിൻഗാമിയിൽ അർപിതമാകേണ്ട ദൗത്യമാണ് يرثنى എന്നു തുടങ്ങുന്ന വാക്യത്തിൽ സക്കരിയ്യാ വ്യക്തമാക്കുന്നത്. ഇവിടെ يرثنى എന്റെ അനന്തരാവകാശിയാവുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അദ്ദേഹത്തിന്റെ ഭൗതിക സ്വത്തുക്കളുടെ അനന്തരാവകാശിയാവുക എന്നല്ല. ഭൗതിക സ്വത്തുക്കൾ അവശേഷിപ്പിക്കാതിരിക്കുക എന്നതാണ് പ്രവാചകന്മാരുടെ സമ്പ്രദായം. പ്രവാചകന്മാരുടെ പൈതൃകം ഭൗതിക സ്വത്തുക്കളല്ല, ജ്ഞാന സന്ദേശമാണ്. മുഹമ്മദ് നബി(സ) പ്രസ്താവിച്ചതായി ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്നു: لا نورث ماتركنا صدقة – 'ഞങ്ങൾ(പ്രവാചകന്മാർ) അനന്തരാവകാശം നൽകുന്നില്ല. ഞങ്ങൾ അവശേഷിപ്പിക്കുന്നത് ദാനമാകുന്നു.' തിർമിദിയുടെ നിവേദനം نحن معشر الأنبياء لا نورث –

'ഞങ്ങൾ പ്രവാചക സമൂഹം അനന്തരാവകാശം നൽകുന്നില്ല' എന്നാണ്. സക്കരിയ്യായെക്കുറിച്ച് നബി(സ) പ്രസ്താവിച്ചതായി ഇബ്നു അബ്ബാസിൽനിന്ന് ഉദ്ധരിക്കപ്പെടുന്നു: "സക്കരിയ്യായെ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ, അദ്ദേഹത്തിന്റെ അനന്തരാവകാശമായി സ്വത്തൊന്നുമുണ്ടായിരുന്നില്ല." സക്കരിയ്യ ഇവിടെ ഉദ്ദേശിച്ചത് ആദർശ സംസ്കാരത്തിന്റെ പൈതൃകമാണെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. യഅ്ഖൂബ് കുടുംബത്തിന്റെ അനന്തരാവകാശം എന്നുപറഞ്ഞതും ഈ പൈതൃകത്തെ തന്നെയാണ്. സക്കരിയ്യായുടെ പുത്രൻ അവരുടെയെല്ലാവരുടെയും ദായധനാവകാശിയാവുകയില്ലല്ലോ. എന്റെ പുത്രൻ എന്റെയും യഅ്ഖൂബ് കുടുംബത്തിലെ പ്രപിതാക്കളായ പ്രവാചകവര്യന്മാരുടെയും ജ്ഞാനപൈതൃകം പിൻപറ്റുകയും അതിലേക്ക് സ്വജനങ്ങളെ പ്രബോധനം ചെയ്യുകയും ആ മാർഗത്തിലൂടെ അവരെ നയിക്കുകയും ചെയ്യുന്നവനാക്കിയിരിക്കണം എന്നാണ് സക്കരിയ്യാ നബി അപേക്ഷിക്കുന്നത്. അതിനൊക്കെ യോഗ്യനാംവണ്ണം അവൻ കർമം കൊണ്ടും ചിന്തകൊണ്ടും അല്ലാഹു പ്രീതിപ്പെട്ടവനും, ജനങ്ങൾ ഇഷ്ടപ്പെടുന്നവനും സ്നേഹിക്കുന്നവനും കൂടിയായിരിക്കണം. ഇവിടെ പരാമർശിച്ച 'യഅ്ഖൂബ്,' ഇസ്രാഈല്യരുടെ കുലപതിയായ യഅ്ഖൂബ് ബിൻ ഇസ്ഹാഖും 'ആലു യഅ്ഖൂബ്,' ഇസ്രാഈല്യരുമാണെന്നാണ് പ്രബലവും ആധികാരികവുമായ വ്യാഖ്യാനം.

മഅ്ഖലും കൽബിയും വ്യത്യസ്തമായ ഒരഭിപ്രായം ഉന്നയിച്ചിട്ടുണ്ട്. അവരുടെ വീക്ഷണത്തിൽ ഇവിടെ വിവക്ഷിക്കുന്നത് യഅ്ഖൂബ് ബിൻ മാഥാൻ ആണ്. മർയമിന്റെ പിതൃവ്യനും സക്കരിയ്യായുടെ സഹോദരനുമാണദ്ദേഹം. ഈ യഅ്ഖൂബിന് കുട്ടികളുണ്ടായിരുന്നില്ല. അതിനാൽ സക്കരിയ്യായുടെ പുത്രൻ അദ്ദേഹത്തിന്റെയും അനന്തരാവകാശിയാകുമായിരുന്നു.

**7.** സകരിയ്യായുടെ പ്രാർഥന അല്ലാഹുവിങ്കലെത്താൻ ഒട്ടും താമസമുണ്ടായില്ല. പ്രാർഥന കഴിഞ്ഞതും ഉത്തരം ലഭിച്ചു. ശരിയായ സമയത്ത് ന്യായമായ ആവശ്യാർഥം തികഞ്ഞ പ്രതീക്ഷയോടെ അത്യന്തം ഭക്തിനിർഭരനും നിഷ്കളങ്കനും വിനയാന്വിതനുമായി നടത്തിയ പ്രാർഥനയായിരുന്നു സക്കരിയ്യായുടേത്. അത്തരം പ്രാർഥനകൾ അല്ലാഹു ഉടനടി കേൾക്കുകയും ഉത്തരം നൽകുകയും ചെയ്യുന്നതിന്നുള്ള ഉദാഹരണം കൂടിയാണിത്. ആ പ്രാർഥനയുടെ സാഫല്യം സാധ്യമാകുന്ന സാഹചര്യമുണ്ടോ, പ്രകൃതി വ്യവസ്ഥ അനുവദിക്കുമോ എന്നതൊന്നും പ്രശ്നമല്ല. സൗകര്യങ്ങളും സാഹചര്യങ്ങളും തികച്ചും പ്രതികൂലമാണെങ്കിലും, പ്രതീക്ഷയുടെ നേരിയ കിരണംപോലും എങ്ങും കാണാനാവാത്തവിധം നൈരാശ്യത്തിന്റെ അന്ധകാരത്തിലാണെങ്കിലും വിശ്വാസിക്ക് മുട്ടിനോക്കാൻ അവന്റെ മുന്നിൽ തന്നെയുള്ള വാതിലാണ് ദൈവകാരുണ്യം. മുട്ടേണ്ടവിധം മുട്ടിയാൽ അത് തുറക്കപ്പെടുകയും ചെയ്യും. അങ്ങനെ ഊഹിക്കാനാവാത്ത മാർഗത്തിലൂടെ ആവശ്യം നിവർത്തിക്കപ്പെടുന്നു. അല്ലാഹു സക്കരിയ്യായെ വിളിച്ച് അരുൾ ചെയ്തു: അല്ലയോ സക്കരിയ്യാ, നിനക്കിതാ ഒരു പുത്രൻ ജനിക്കാൻ പോകുന്നുവെന്ന സുവിശേഷമറിഞ്ഞു കൊള്ളുക. അവന്ന് യഹ്യാ എന്നു പേരിട്ടുകൊള്ളണം.ഞാൻ നിനക്ക് തരുന്നത് അസദൃശനായ ഒരു പുത്രനെയാണ്. അവനെപ്പോലൊരുവൻ മുമ്പെങ്ങും സൃഷ്ടിക്കപ്പെട്ടിട്ടില്ല. മുമ്പ് എല്ലാ മനുഷ്യരും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് പ്രത്യുൽപാദന ശേഷിയുള്ള മാതാപിതാക്കളിലൂടെയാണ്. ആദം(അ) ഒഴിച്ച്. ആദി പിതാവായ ആദമിനെ സൃഷ്ടിച്ചത് മാതാപിതാക്കളാകുന്ന മാധ്യമമില്ലാതെ അല്ലാഹുവിന്റെ ഉത്തരവിലൂടെയാണ്. യഹ്യാ നബിക്ക്ശേഷം ഈസാ(അ) പിതാവില്ലാതെ മാതാവിലൂടെ സൃഷ്ടിക്കപ്പെടുകയുണ്ടായി. പ്രത്യുൽപാദന ശേഷി പിന്നിട്ട പിതാവിലൂടെയും വന്ധ്യയായ മാതാവിലൂടെയും സൃഷ്ടിക്കപ്പെട്ട മനുഷ്യനാണ് യഹ്യാ(അ). കുട്ടിയായിരിക്കുമ്പോൾ തന്നെ ജ്ഞാനവും പ്രവാചകത്വവും അല്ലാഹുവിന്റെ വാത്സല്യവും സംസ്കരണവും ലഭിച്ചുവെന്നത് അദ്ദേഹത്തിന്റെ മറ്റു പ്രത്യേകതകളാണ്.

لَمْ نَجْعَل لَّهُۥ مِن قَبْلُ سَمِيًّا എന്ന വാക്കിന് 'മുമ്പ് ആരെയും നാം ഈ പേരിൽ സൃഷ്ടിച്ചിട്ടില്ല' എന്നും അർഥമാവാം. നാമാവിനും (مسمّى) സദൃശ (نظير - شبيه) നും سمي ഉപയോഗിക്കും. ഈ സൂറഃയുടെ 65-ാം സൂക്തത്തിൽ അല്ലാഹുവിനെക്കുറിച്ച് هَلْ تَعْلَمُ لَهُۥ سَمِيًّا-അവന്നു വല്ല സദൃശനുമുള്ളതായി നിനക്കറിയാമോ? എന്ന് ചോദിക്കുന്നുണ്ട്. അവിടെ ഈ അർഥം തന്നെയാണ് പൊതുവിൽ സ്വീകരിക്കപ്പെട്ടിട്ടുള്ളത്. ഇവിടെയും ആ അർഥം തന്നെ സ്വീകരിക്കുന്നതാണുചിതം. ശേഷം വരുന്ന 12 മുതൽ 15 വരെ സൂക്തങ്ങളിൽ യഹ്യാ നബിയുടെ പ്രത്യേകതകൾ പ്രസ്താവിച്ചിട്ടുള്ളത് ഈ വീക്ഷണത്തെ ബലപ്പെടുത്തുന്നു.

ഈ പേരിൽ മുമ്പാരെയും സൃഷ്ടിച്ചിട്ടില്ല എന്ന് അർഥം സ്വീകരിക്കുമ്പോൾ യഹ്യാ എന്ന പേരിൽ മുമ്പ് ലോകത്താരും ഉണ്ടായിട്ടില്ല എന്നാകും താൽപര്യം. 'യോഹന്നാൻ' എന്ന ഹീബ്രു നാമത്തിന്റെ അറബീകൃത രൂപമാണ് 'യഹ്യാ' എന്നു കരുതപ്പെടുന്നു. 'യഹ്യാ ഹന്നാൻ' ജനിച്ചത് ഈസാ നബിയുടെ ജനനത്തിന് ഏഴു വർഷം മുമ്പാണെന്നും മൂന്നു വർഷം മുമ്പാണെന്നും ആറു മാസം മുമ്പാണെന്നും വ്യത്യസ്ത പ്രസ്താവങ്ങളുണ്ട്. ഈസാ നബിയുടെ ജനനത്തിനു മുമ്പാണദ്ദേഹത്തിന്റെ ജനനമെന്നതിൽ തർക്കമില്ല. സ്നാപക യോഹന്നാൻ എന്നാണിദ്ദേഹം അറിയപ്പെടുന്നത്. പൂർവ പ്രവാചകന്മാരുടെ അധ്യാപനങ്ങളിലേക്ക് ഇസ്രാഈല്യരെ പ്രബോധനം ചെയ്ത അദ്ദേഹം അവരെ ജ്ഞാന സ്നാനം (മാമോദീസ) എന്ന പേരിൽ കുളിപ്പിച്ചിരുന്നതിനാലാണ് ഈ പേർ സിദ്ധിച്ചത്. ഇദ്ദേഹം ഈസാനബിയുടെ ആഗമനം വ്യക്തമായി പ്രവചിച്ചിരുന്നു: അതുസംബന്ധിച്ച് ബൈബിൾ പറയുന്നു: ദൈവം അയച്ച ഒരു മനുഷ്യൻ ഉണ്ടായിരുന്നു അയാളുടെ പേര് യോഹന്നാൻ... അയാൾ സാക്ഷ്യത്തിനായി വന്നു. അയാൾ വെളിച്ചമായിരുന്നില്ല. വെളിച്ചത്തിനു സാക്ഷ്യം വഹിക്കാൻ വന്നവൻ അത്രേ (യോഹന്നാൻ 1:6-8). യോഹന്നാൻ അവരോടു പറഞ്ഞു: ഞാൻ വെള്ളം കൊണ്ട് സ്നാപനം നൽകുന്നു. നിങ്ങൾ അറിയാത്ത ഒരാൾ നിങ്ങളുടെ ഇടയിൽ നിൽപ്പുണ്ട്. എന്റെ പിന്നാലെ വരുന്ന അവന്റെ ചെരിപ്പ് അഴിക്കാൻപോലും എനിക്കു യോഗ്യതയില്ല" (യോഹന്നാൻ 1:26-27).

സക്കരിയ്യ പുത്രന്റെ ജനന സമയത്ത് നൽകിയ പേര് യോഹന്നാൻ എന്നാണെന്ന് ബൈബിൾ ലൂക്കോസ് 1:61-63 ൽ പറയുന്നു. ഈ നാമകരണം ദൈവാഭീഷ്ട പ്രകാരമായിരുന്നുവെന്ന് സൂചിപ്പിക്കുന്നുമുണ്ട്. ഇത് കണക്കിലെടുത്തു

കൊണ്ടാവാം യോഹന്നാന്റെ അറബി രൂപമാണ് 'യഹ്‌യാ' എന്ന് ചില മുസ്‌ലിം പണ്ഡിതന്മാരും അഭിപ്രായപ്പെട്ടത്. യോഹന്നാന്റെ അറബി രൂപമാണ് യഹ്‌യാ എന്നു വെക്കുമ്പോൾ വലിയൊരു പ്രശ്നം ഉയർന്നുവരുന്നുണ്ട്. സകരിയ്യയുടെ പുത്രൻ യോഹന്നാൻ ജനിക്കുന്നതിനുമുമ്പെ തൗറാത്തിൽ യോഹന്നാൻ എന്ന പേര് ഇരുപത്തിയേഴ് തവണ പരാമർശിക്കപ്പെട്ടിരിക്കുന്നു. അപ്പോൾ ഈ പേരിൽ മുമ്പാരും ഉണ്ടായിട്ടില്ല എന്ന ഖുർആന്റെ പ്രസ്താവനക്കെന്തർഥം? ചില ഖുർആൻ വിമർശകർ ഇത് ബൈബിൾ കഥകൾ പകർത്തിയതിൽ മുഹമ്മദ്(സ)ക്ക് പറ്റിയ അബദ്ധമായി ഉയർത്തിക്കാണിക്കുന്നുമുണ്ട്. യഥാർഥത്തിൽ അബദ്ധം പിണഞ്ഞത് ബൈബിൾ എഴുത്തുകാർക്കാണ്. യഹ്‌യാ നബിയുടെ സ്ഥാനപ്പേര്-لقب-ആണ് യോഹന്നാൻ. ഇതിനെ യഥാർഥ നാമമായി തെറ്റിദ്ധരിച്ച് രേഖപ്പെടുത്തുകയാണവർ ചെയ്തത്.

യോഹന്നാന്റെ അറബി രൂപമാണ് യഹ്‌യാ എന്ന നിഗമനവും ശരിയല്ല. അർഥത്തിലും ഘടനയിലും വ്യത്യസ്തമായ പദങ്ങളാണ് യോഹന്നാനും യഹ്‌യയും. ഹീബ്രുവിലെ യോഹന്നാൻ ഒറ്റ പദമല്ല. ദൈവം എന്നർഥമുള്ള 'യോ'വും അനുകമ്പ, വാത്സല്യം എന്നർഥമുള്ള 'ഹന്നാനും' ചേർന്നതാണ് യോഹന്നാൻ. ദൈവത്തിന്റെ വത്സലൻ അല്ലെങ്കിൽ അനുകമ്പ നേടിയവൻ എന്നർഥം. വരുന്ന 13-ാം സൂക്തത്തിൽ ഖുർആനും അദ്ദേഹത്തെ وَحَنَانًا مِّن لَّدُنَّا-നമ്മുടെ പക്കൽനിന്ന് സവിശേഷ വാത്സല്യം അല്ലെങ്കിൽ ദയാവായ്പ് ലഭിച്ചവൻ-എന്ന് വിശേഷിപ്പിക്കുന്നുണ്ട്. ഖുർആൻ حنان എന്ന പദം ഒരിടത്തു മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ എന്നതും അത് യഹ്‌യായെക്കുറിച്ചാണതെന്നതും പ്രത്യേകം ശ്രദ്ധേയമാകുന്നു. യഹ്‌യാ നബിക്ക് യോഹന്നാൻ എന്ന അപരാഭിധാനം സിദ്ധിച്ചതെങ്ങനെയെന്നതിന്റെ വ്യക്തമായ സൂചനയാണിത്.

يحي എന്ന പദം حياة ൽ നിന്നുള്ളതാണ്. ജീവിതമാണ് حياة. ജീവിക്കുന്നു എന്നാണ് يحي യുടെ അർഥം. പാപത്തിൽ മരിച്ചിട്ടില്ലാത്തവൻ എന്നാണീ നാമകരണത്തിന്റെ താൽപര്യമെന്ന് ഇമാം റാഗിബ് പറയുന്നു. അതായത് യോഹന്നാനും യഹ്‌യയും തമ്മിൽ ബന്ധമില്ല. യോഹന്നാന്റെ അറബിയല്ല യഹ്‌യാ എന്നതിന് ബൈബിളിന്റെ അറബി തർജമ തന്നെ തെളിവാകുന്നു. യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ യോഹന്നാനെക്കുറിച്ചു പറയുന്നു: ظهر رسول من الله اسمه يوحنا 'അല്ലാഹുവിങ്കൽനിന്ന് ഒരു ദൂതൻ പ്രത്യക്ഷനായി. അദ്ദേഹത്തിന്റെ നാമം യൂഹന്നാ എന്നാകുന്നു' (*യോഹന്നാൻ* 1:6). യോഹന്നാന്റെ അറബി രൂപം യഹ്‌യാ ആണെങ്കിൽ ഇവിടെ 'അദ്ദേഹത്തിന്റെ നാമം യഹ്‌യാ എന്നാകുന്നു' എന്നായിരുന്നു എഴുതേണ്ടിയിരുന്നത്. അറബി ബൈബിൾ രാജാക്കന്മാർ 25:23, 1 ദിനവൃത്താന്തം 3:15, 3:24 എബ്രാ 8:12 തുടങ്ങിയ വാക്യങ്ങളിലെല്ലാം യോഹന്നാനെ യോഹന്നാൻ എന്നുതന്നെയാണ് പരാമർശിച്ചിരിക്കുന്നത്. എവിടെയും 'യഹ്‌യാ' എന്നു പരാമർശിച്ചു കാണുന്നില്ല.

ഇറാനിലും ഇറാഖിലും മാണ്ടിയന്മാർ (Mandains) എന്നൊരു മതവിഭാഗമുണ്ട്. സ്നാപക യോഹന്നാന്റെ ശിഷ്യന്മാരെന്നവകാശപ്പെടുകയും അദ്ദേഹം അന്ത്യപ്രവാചകനാണെന്നു വിശ്വസിക്കുകയും ചെയ്യുന്നവരാണവർ. സ്നാപക യോഹന്നാന്റെ ക്രിസ്ത്യാനികൾ എന്നും ഇവരറിയപ്പെടുന്നു. ഏകദൈവ വിശ്വാസികളാണ്. അവരുടെ പ്രധാന മതാചാരങ്ങളിലൊന്നാണ് ജ്ഞാനസ്നാനം. യോഹന്നാനെ 'യഹ്‌യാ യോഹന്നാ' എന്നാണവർ വിളിക്കുന്നത്. യഹ്‌യാ, യോഹന്നാന്റെ അറബി തദ്ഭാവമല്ലെന്നും യോഹന്നാന് യഹ്‌യാ എന്നും പേരുണ്ടെന്നും ഇതിൽനിന്ന് സ്പഷ്ടമാകുന്നു. മണ്ടായി ഭാഷയിലുള്ള അവരുടെ ഒരു പ്രധാന മതഗ്രന്ഥം 'ദ്രാഷാഇദ് യഹ്‌യാ' (യഹ്‌യായുടെ പുസ്തകം) ആണ്. 'യഹ്‌യായുടെ പ്രാർഥനകൾ' എന്നാണ് മറ്റൊരു ഗ്രന്ഥമായ ഗിൻസാ റാബയിലെ ഒരധ്യായത്തിന്റെ ശീർഷകം. ഇ.എസ് ഡ്രോവറും ആർ മാർകൂഷും ചേർന്ന് തയാറാക്കിയ മാൻഡിയൻ ഡിക്ഷനറിയിൽ-Jahia (يحي) എന്ന പദത്തെ ജോൺ ബാപ്റ്റിസ്റ്റിന്റെ ഒന്നാം പേരെന്നും Juhana (യോഹന്നാ) എന്ന പദത്തെ 'ജോൺ-വിശേഷിച്ച് യഹ്‌യാ യോഹന്നാ എന്നുകൂടി വിളിക്കപ്പെടുന്ന ജോൺ ബാപ്റ്റിസ്റ്റ് എന്നും പരിചയപ്പെടുത്തിയിരിക്കുന്നു. യോഹന്നാൻ പ്രവാചകന്റെ ഒന്നാം പേര് യഹ്‌യാ എന്നാണെന്നതിന്റെ അനിഷേധ്യമായ സാക്ഷ്യങ്ങളാണിതെല്ലാം. ബഗ്ദാദിലെ കൗൺസിൽ ഓഫ് ജനറൽ അഫയേഴ്സിനു കീഴിലുള്ള മാൻഡിയൻ റിസർച്ച് സെന്ററിൽനിന്നും www.mandaian.com എന്ന വെബ്സൈറ്റിൽനിന്നും ഈ മതവിഭാഗത്തെക്കുറിച്ച് കൂടുതൽ അറിയാം.

യഹ്‌യാ നബിയും അദ്ദേഹത്തിനുശേഷം വന്ന ഈസാ നബിയും മരണപ്പെട്ട് കുറെ വർഷങ്ങൾ കഴിഞ്ഞശേഷമാണ് ഇഞ്ചീൽ എഴുതപ്പെട്ടത്. അതിൽ പല വക തെറ്റുകൾ കടന്നുകൂടുക സ്വാഭാവികമാണ്. ആ കൂട്ടത്തിലൊന്നാണ് സ്നാപക യോഹന്നാന്റെ ഒന്നാം പേർ വിസ്മൃതമായത്. പക്ഷേ അദ്ദേഹത്തെ അന്ത്യപ്രവാചകനായി വിശ്വസിച്ച് പിൻപറ്റിയ മാൻഡിയന്മാർ ആ പേർ സൂക്ഷിച്ചുപോന്നു. വിശുദ്ധ ഖുർആൻ ആ പേർ പുനഃപ്രകാശിപ്പിക്കുകയും അതിന്റെ പ്രാധാന്യം വ്യക്തമാക്കുകയും ചെയ്തിരിക്കുകയാണ്.

ചുരുക്കത്തിൽ لَمْ نَجْعَل لَّهُۥ مِن قَبْلُ سَمِيًّا എന്ന വാക്യത്തിൽ മുമ്പാരും ആ പേരിൽ ഉണ്ടായിട്ടില്ല. എന്നുതന്നെ അർഥം കൽപ്പിച്ചാലും ഖുർആൻ പറഞ്ഞത് നൂറു ശതമാനം ശരിയാണ്. ഈസാ നബിക്ക് തൊട്ടുമുമ്പ് സക്കരിയ്യാക്ക് ജനിച്ച പുത്രനെക്കുറിച്ചാണ് ഖുർആൻ സംസാരിക്കുന്നത്. അദ്ദേഹത്തിന്റെ യഥാർഥ പേര് യഹ്‌യാ എന്നായിരുന്നു. ആ പേരിൽ അദ്ദേഹത്തിനുമുമ്പ് വല്ലവരും ജിവിച്ചതായി ആരും പറയുന്നില്ല. യോഹന്നാൻ എന്നത് യഹ്‌യായുടെ സ്ഥാനപ്പേരായിരുന്നു. ആ നാമമുള്ള പലരുമുണ്ടായിട്ടുണ്ട്. അവർക്കൊന്നും യഹ്‌യാ എന്ന് ഒന്നാം പേരോ സ്ഥാനപ്പേരോ ഉണ്ടായിരുന്നില്ല. എങ്കിലും പ്രകൃത വാക്യം പറയുന്നത് ആ പേരുള്ള ആരും മുമ്പുണ്ടായിട്ടില്ല എന്നു മാത്രമാണെന്നു കരുതേണ്ടതില്ല. നേരത്തെ വിശദീകരിക്കപ്പെട്ടപോലെ, പണ്ടാർക്കുമില്ലാത്ത പല സവിശേഷതകളും അദ്ദേഹത്തിനുണ്ടായിരുന്നു എന്നു മനസ്സിലാക്കുന്നതാണ് കൂടുതൽ ഉചിതം. ആ സവിശേഷതകളിൽ ഒന്നു മാത്രമാണ് 'യഹ്‌യാ' എന്ന അദ്ദേഹത്തിന്റെ പേര്; അതും മുമ്പാർക്കും ഇല്ലാത്തതാണ്. പിൽക്കാലത്ത് മുസ്‌ലിം സമുദായത്തിൽ ധാരാളമാളുകൾ ഈ പേർ സ്വീകരിച്ചുവന്നിട്ടുണ്ട്.

■